"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി - ലീഗൽ അഡ്വൈസറുടെ കരാർ കാലാവധി നീട്ടിയ നടപടി - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.121/2025/LSGD തീയതി,തിരുവനന്തപുരം, 13-01-2025

---

പരാമർശം:-

1. 26.02.2016 തീയതിയിലെ സ.ഉ (പി) നം.28/2016/ധന ഉത്തരവ്
2. 28.04.2017 തീയതിയിലെ സ.ഉ (പി) നം. 56/2017/ധന ഉത്തരവ്
3. 21.07.2018 തീയതിയിലെ സ.ഉ (പി) നം. 112/2018/ധന ഉത്തരവ്
4. ജിസിഡിഎ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 07/06/2024 തീയതിയിലെ 16/2024-25 നമ്പർ തീരുമാനം
5. ജിസിഡിഎ സെക്രട്ടറിയുടെ 15.11.2024 തീയതിയിലെ 3741/ജി3/2017/ജിസിഡിഎ നമ്പർ കത്ത്

**ഉത്തരവ്**

വിശാല കൊച്ചി വികസന അതോറിറ്റിയുടെ ലീഗൽ അഡ്വൈസറായി 19.05.2017 മുതൽ കരാർ അടിസ്ഥാനത്തിൽ സേവനമാരംഭിച്ച ശ്രീ. പി.വി ഉദയൻ എന്നയാളുടെ കരാർ കാലാവധി ആദ്യത്തെ രണ്ട് വർഷത്തിനുശേഷം 12.05.2019 മുതൽ 11.05.2024 വരെയുള്ള തുടർ വർഷങ്ങളിൽ ദീർഘിപ്പിച്ചുനൽകുകയും ആയതിന് അതത് കാലയളവിൽ സർക്കാർ സാധൂകരണം നൽകുകയും ചെയ്തിരുന്നു.

2. അതോറിറ്റിയിൽ നിയമ വിഭാഗവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച് പരിചയമുള്ളവരുടെ അഭാവവും കേസുകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവും പരാമർശം (4) തീരുമാനവും പരിഗണിച്ച് ശ്രീ. പി.വി ഉദയൻ എന്നയാളുടെ കരാർ കാലാവധി 12.05.2024 മുതൽ ഒരു വർഷത്തേക്ക് നീട്ടിയ നടപടിയ്ക്ക് സർക്കാർ തലത്തിൽ സാധൂകരണം നൽകണമെന്ന് ജിസിഡിഎ സെക്രട്ടറി പരാമർശം (5) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, നിലവിലെ കരാറും പുതുക്കിയ കരാറും തമ്മിൽ കുറഞ്ഞത് ഒരു ദിവസത്തെ ഇടവേള വേണമെന്ന് നിഷ്കർഷിച്ചുകൊണ്ട്, പരാമർശം (1), (2), (3) എന്നിവയിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി വിശാല കൊച്ചി വികസന അതോറിറ്റിയുടെ ലീഗൽ അഡ്വൈസറുടെ 11.05.2024 ൽ

അവസാനിച്ച കരാർ കാലാവധി ഒരു ദിവസത്തെ ബ്രേക്ക് നൽകിക്കൊണ്ട് 13.05.2024 മുതൽ ഒരു വർഷത്തേക്ക് നീട്ടി നൽകിയതായി കണക്കാക്കി സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഐ.എ3/107/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
സെക്ഷൻ ഓഫീസർ
Date: 13-01-2025 17:05:34